**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 63** **06-02-2023 - ൽ മറുപടിയ്ക്ക്**

**ബഫർ സോൺ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ ,<br>ശ്രീ . എൻ . ഷംസുദ്ദീൻ,<br>ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ബഫർ സോൺ ആയി പ്രഖ്യാപിച്ച സ്ഥലങ്ങളിൽ ജനവാസ മേഖല ഉൾപ്പെട്ടുന്നുണ്ടോ; എങ്കിൽ ഈ പ്രദേശങ്ങളിലെ ജനങ്ങളുടെ ആശങ്ക അകറ്റുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ഇക്കോസെൻസിറ്റീവ് സോൺ നിശ്ചയിക്കുന്നതിൽ ജനങ്ങൾക്കുണ്ടായ ആശങ്കകൾ പരിഹരിക്കുന്നതിനായി 28-09-2020-ൽ ബഹു.വനം വന്യജീവി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാനത്തിന്റെ വെളിച്ചത്തിൽ ജനവാസ മേഖലകളെയും, സർക്കാർ/ അർദ്ധ സർക്കാർ/പൊതു സ്ഥാപനങ്ങൾ ഉൾപ്പെട്ടുന്ന പ്രദേശങ്ങളെയും പരമാവധി ഒഴിവാക്കിക്കൊണ്ടുള്ള കരട് ഭേദഗതി നിർദ്ദേശമാണ് കേന്ദ്ര സർക്കാരിലേക്ക് വീണ്ടും സമർപ്പിച്ചത്.<br><br>ബഹു. സുപ്രീം കോടതിയുടെ, 03-06-2022-ലെ വിധിയുടെ അടിസ്ഥാനത്തിൽ, ബഹു. വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08-06-2022-ന് യോഗം ചേരുകയും ബഹു. സുപ്രീം കോടതി ഉത്തരവ് പ്രകാരം കേരള സംസ്ഥാന റിമോട്ട് സെൻസിങ് ആൻറ് എൻവയോൺമെൻറ് സെന്ററിന്റെ (KSREC) സഹായത്തോടെ ഉപഗ്രഹ സർവ്വെ റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തു.<br><br>സംസ്ഥാനത്തെ പ്രത്യേക സാഹചര്യത്തിൽ ജനവാസമേഖലകളെ ഒഴിവാക്കിക്കൊണ്ട് നിലവിൽ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ അംഗീകരിച്ച് ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയേയും ബഹു. സുപ്രീം കോടതിയെയും സമീപിക്കണമെന്ന് സംസ്ഥാന സർക്കാർ 25-06-2022-ലെ ഡി2/46/2019/വനം നമ്പർ കത്ത് പ്രകാരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. |

വനം വകുപ്പ് സ്വീകരിച്ച നടപടികൾക്ക് അംഗീകാരം നൽകിക്കൊണ്ടും അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്ന ഭേദഗതി നിർദ്ദേശങ്ങൾ അതേ നിലയിൽ അംഗീകരിച്ച് കിട്ടുന്നതിനും ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുന്നതിൽ നിന്നും ജനവാസ മേഖലകളും കൃഷിയിടങ്ങളും പൊതുസ്ഥാപനങ്ങളും പൂർണ്ണമായും ഒഴിവാക്കുന്നതിനും ബഹു. സുപ്രീം കോടതിയുടെ W.P.(C) 202/1995 നമ്പർ കേസിലെ I.A.1000/2003 നമ്പർ ഹർജിയിലെ 03-06-2022-ലെ ഉത്തരവിന്മേൽ ബഹു. സുപ്രീം കോടതിയെ സമീപിക്കുന്നതുൾപ്പെടെയുള്ള ഉചിതമായ നിയമനടപടികൾ സ്വീകരിക്കുന്നതിന് വനം വകുപ്പിനെ ചുമതലപ്പെടുത്തിക്കൊണ്ടും 10-08-2022-ലെ സർക്കാർ ഉത്തരവ് നമ്പർ 44/2022/വനം പുറപ്പെടുവിച്ചിട്ടുള്ളതാണ്.

പുന:പരിശോധനാ ഹർജി 17-08-2022-ൽ ഡയറി നം. 25588-2022 ആയി ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്തിട്ടുമുണ്ട്. ആയതിൽ സംസ്ഥാനത്ത് നിന്ന് ഭേദഗതി വരുത്തി കേന്ദ്ര സർക്കാരിന് സമർപ്പിച്ച കരട് വിജ്ഞാപന നിർദ്ദേശങ്ങൾക്ക് അംഗീകാരം ലഭിക്കാനായാണ് അപേക്ഷിച്ചിട്ടുള്ളത്.

ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 29-08-2022-ൽ ചേർന്ന യോഗത്തിൽ KSREC സമർപ്പിച്ച കരട് റിപ്പോർട്ടിന് പുറമെ ഭൗതിക സ്ഥലപരിശോധന കൂടി നടത്തി വിശദമായ വിവരങ്ങൾ ശേഖരിക്കുന്നതിന് തീരുമാനിക്കുകയും ആയതിനായി 30-09-2022-ലെ സർക്കാർ ഉത്തരവ് (സാധാ) നം.424/2022/വനം പ്രകാരം ജസ്റ്റീസ് തോട്ടത്തിൽ ബി. രാധാകൃഷ്ണൻ ചെയർമാനായ ഒരു വിദഗ്ദ്ധ സമിതിയും സാങ്കേതിക വിദഗ്ദ്ധരുടെ സമിതിയും രൂപീകരിക്കുകയും ചെയ്തു.

വിദഗ്ദ്ധ പരിശോധന സമിതിയുടെ യോഗത്തിന്റെ തീരുമാന പ്രകാരം KSREC ഉപഗ്രഹ സർവ്വേ പ്രകാരം തയ്യാറാക്കിയ കരട് റിപ്പോർട്ടും വനം വകുപ്പ് തയ്യാറാക്കി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലുള്ള ഇക്കോ സെൻസിറ്റീവ് സോൺ സംബന്ധിച്ച കരട് പ്രൊപ്പോസലും (സർവ്വെ നമ്പർ കൂടി ഉൾപ്പെടുത്തി) ആയത് സംബന്ധിച്ച് പൊതുജനങ്ങൾക്ക് പരാതികൾ / നിർദ്ദേശങ്ങൾ അറിയിക്കാനുള്ള പ്രൊഫോർമയും സർക്കാർ വെബ് സൈറ്റിൽ

| | | | |
|---|---|---|---|
| | | | പ്രസിദ്ധീകരിച്ചിരുന്നു. പൊതുജനങ്ങൾക്ക് ഇത് സംബന്ധിച്ച പരാതികൾ ഉണ്ടെങ്കിൽ ജനുവരി 7-നകം അറിയിക്കുന്നതിന് അവസരം നൽകിയിരുന്നു. അപ്രകാരം ലഭിച്ച 63615 പരാതികളിൽ 62640 പരാതികൾക്ക് 02-02-2023 വരെ പരിഹാരം കാണുകയും കേരള സംസ്ഥാന റിമോട്ട് സെൻസിങ് ആൻറ് എൻവയോൺമെൻറ് സെന്ററിന്റെ (KSREC) അസ്സറ്റ് മാപ്പർ ആപ്പ് മുഖേന ഇതിനകം 79193 അസ്സറ്റുകൾ അപ്പ് ലോഡ് ചെയ്തിട്ടുമുണ്ട്. ബഹു. സുപ്രീം കോടതിയുടെ 03-06-2022-ലെ വിധിയിന്മേൽ കേന്ദ്ര സർക്കാർ സമർപ്പിച്ച ഹർജിയിൽ സംസ്ഥാന സർക്കാരിന് കക്ഷി ചേരുന്നതിനുള്ള അപേക്ഷ ബഹു. സുപ്രീം കോടതിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | വനപ്രദേശത്തോട് ചേർന്ന ഒരു കിലോമീറ്റർ ചുറ്റളവ് ബഫർ സോൺ ആണെന്ന സർക്കാർ ഉത്തരവ് റദ്ദാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | വനപ്രദേശത്തോട് ചേർന്ന ഒരു കി.മീ. ചുറ്റളവ് ഇക്കോ സെൻസിറ്റീവ് സോണാണെന്ന് നിർദ്ദേശിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. |
| (സി) | സീറോ ബഫർ സോൺ നടപ്പാക്കി പ്രസ്തുത മേഖലയിലെ ജനങ്ങളുടെ ആശങ്ക അകറ്റുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) | ജനവാസമേഖലയെ പരമാവധി ഒഴിവാക്കിക്കൊണ്ടുള്ള കരട് പ്രൊപ്പോസലുകളാണ് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുള്ളത്. ആയത് അംഗീകരിച്ചു കിട്ടണമെന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ